ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 15.01.2026

## പ്രധാന വാർത്തകൾ

TIME : 07.25 AM

1. കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും 28-ാമത് സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will inaugurate the 28th Conference of Speakers and Presiding Officers of the Commonwealth (CSPOC) in New Delhi today.**

2. രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ രണ്ട് ദിവസത്തെ പഞ്ചാബ്, രാജസ്ഥാൻ സന്ദർശനത്തിന് ഇന്ന് തുടക്കമാകും.

   **President Draupadi Murmu's two-day visit to Punjab and Rajasthan will begin today.**

3. ഇറാനിലെ സുരക്ഷാ സാഹചര്യം വിലയിരുത്തി വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ; ലഭ്യമായ ഗതാഗത മാർഗ്ഗങ്ങളിലൂടെ ഇറാനിൽ നിന്ന് ഉടനടി മടങ്ങണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് നിർദ്ദേശം.

   **External Affairs Minister S Jaishankar assesses the security situation in Iran; The Indian embassy urged Indian nationals who are in Iran to leave the country by available means of transport.**

4. തമിഴ്നാടിന്റെ കൊയ്ത്തുത്സവമായ മകരപൊങ്കൽ ഇന്ന്; കേരളത്തിൽ 6 ജില്ലകൾക്ക് അവധി.

   **Makara Pongal Celebrated in Tamil Nadu Today; Public Holiday Declared in 6 Districts of Kerala.**

5. 'നെറ്റ് വർക്കിങ്ങും ഡേറ്റാ സെൻട്രിസിറ്റിയും' എന്ന പ്രമേയത്തിലൂന്നി രാജ്യം ഇന്ന് 78-ാം കരസേനാ ദിനം ആഘോഷിക്കുന്നു.

**The country is celebrating the 78th Army Day today with the theme 'Networking and Data Centricity'.**

6. ഇന്ത്യയുടെ കിഡംബി ശ്രീകാന്ത് ഇന്ത്യ ഓപ്പൺ ബാഡ്മിന്റൻ പുരുഷ സിംഗിൾസ് പ്രീ ക്വാർട്ടറിൽ.

**India's Kidambi Srikanth in the pre-quarters of the India Open badminton men's singles.**

## PM-CSPOC

കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും 28-ാമത് സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. ലോക്സഭാ സ്പീക്കർ ഓം ബിർള സമ്മേളനത്തിന് അധ്യക്ഷത വഹിക്കും. 42 കോമൺവെൽത്ത് രാജ്യങ്ങളിലെയും നാല് അർദ്ധ സ്വയംഭരണ പാർലമെന്റുകളിലെയും 61 സ്പീക്കർമാരും പ്രിസൈഡിംഗ് ഓഫീസർമാരും സമ്മേളനത്തിൽ പങ്കെടുക്കും. ജനാധിപത്യ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിൽ, സ്പീക്കർമാരുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും പങ്ക് ഉൾപ്പെടെ സമകാലിക പാർലമെന്ററി വിഷയങ്ങളെക്കുറിച്ച് സമ്മേളനം ചർച്ച ചെയ്യും.

********************************

## NATIONAL STARTUP DAY

നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന 2026 ലെ ദേശീയ സ്റ്റാർട്ടപ്പ് ദിനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്യും. സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുമായി ബന്ധപ്പെട്ട എല്ലാവർക്കും ഇത് വളരെ സവിശേഷമായ

ദിവസമാണെന്ന് DPIIT സെക്രട്ടറി അമർദീപ് സിംഗ് ഭാട്ടിയ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

********************************

## AMRIT BHARAT TRAINS

യാത്രക്കാരുടെ സുഖസൗകര്യങ്ങളും കണക്റ്റിവിറ്റിയും മെച്ചപ്പെടുത്തുന്നതിൽ, സുപ്രധാന മുന്നേറ്റമായിരിക്കും പുതിയ അമൃത് ഭാരത് ട്രെയിനുകളെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ ട്രെയിനുകൾ വ്യാപാരത്തിനും വിനോദസഞ്ചാരത്തിനും ഉത്തേജനം പകരുമെന്നും അദ്ദേഹം വ്യക്തമാക്കി. ഒമ്പത് പുതിയ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്യുന്നതുമായി ബന്ധപ്പെട്ട റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിന്റെ സാമൂഹ്യ മാധ്യമ പോസ്റ്റ് പ്രധാനമന്ത്രി പങ്കുവെച്ചു.

********************************

## PREZ-PUNJAB RAJASTHAN

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ രണ്ട് ദിവസത്തെ പഞ്ചാബ്, രാജസ്ഥാൻ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. അമൃതസറിലെ ഗുരുനാനാക് ദേവ് സർവകലാശാലയുടെ 50-ാമത് സുവർണ്ണ ജൂബിലി ബിരുദദാന സമ്മേളനത്തിൽ രാഷ്ട്രപതി മുഖ്യാതിഥിയാകും. നാളെ ജലന്ധറിലെ ഡോ. ബി.ആർ അംബേദ്കർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 21-ാമത് ബിരുദദാന സമ്മേളനത്തിൽ ശ്രീമതി മുർമു പങ്കെടുക്കും. ഹൈ-മാസ്റ്റ് ദേശീയ പതാകയുടെ ഉദ്ഘാടനവും രാഷ്ട്രപതി നിർവഹിക്കും. കൂടാതെ, സൈബർ സുരക്ഷ, 5G ആൻഡ് ബിയോണ്ട് എന്നീ മേഖലകളിലെ രണ്ട് മികവിന്റെ കേന്ദ്രങ്ങളും ശ്രീമതി മുർമു രാഷ്ട്രത്തിന് സമർപ്പിക്കും. ജയ്പൂരിൽ രാമാനന്ദ് മിഷൻ നാളെ സംഘടിപ്പിക്കുന്ന ഹനുമാൻ മഹായജ്ഞത്തിൽ രാഷ്ട്രപതി പങ്കെടുക്കും.

*********************************

## MEA-IRAN ADVISORY (INTRO)

ഇന്ത്യൻ പൗരന്മാർ ലഭ്യമായ ഗതാഗത മാർഗ്ഗങ്ങളിലൂടെ ഇറാനിൽ നിന്ന് മടങ്ങണമെന്ന് ടെഹ്റാനിലെ ഇന്ത്യൻ എംബസി. ഇറാനിലേക്കുള്ള യാത്ര ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ഒഴിവാക്കണമെന്നും വിദേശകാര്യ മന്ത്രാലയം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒരു റിപ്പോർട്ട്...

*(വോയിസ്)*

*ഹെൽപ്പ്‌ലൈൻ നമ്പറുകൾ വഴിയോ,* ***cons.tehran@mea.gov.in*** *എന്ന ഇമെയിൽ വിലാസത്തിലോ ടെഹ്റാനിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെടാവുന്നതാണ്. വിദേശകാര്യമന്ത്രി ഡോ.എസ് ജയ്ശങ്കർ, ഇറാൻ വിദേശകാര്യമന്ത്രിയുമായി ഇന്നലെ ടെലിഫോൺ സംഭാഷണം നടത്തി. ഇറാനിലെ നിലവിലെ സംഭവ വികാസങ്ങളെപ്പറ്റി തങ്ങൾ ചർച്ച ചെയ്തതായി അദ്ദേഹം പിന്നീട് സമൂഹമാധ്യമത്തിൽ കുറിച്ചു. അതിനിടെ രാജ്യത്ത് തുടരുന്ന ആഭ്യന്തര പ്രക്ഷോഭങ്ങളിൽ 3,428 ലേറെപ്പേർ കൊല്ലപ്പെട്ടതായും. പതിനായിരത്തിലെപ്പേരെ അറസ്റ്റ് ചെയ്തതായും നോർവെ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഇറാൻ മനുഷ്യാവകാശ സംഘടന കണ്ടെത്തിയിട്ടുണ്ട്. അതിനിടെ പ്രക്ഷോഭകരെ വധശിക്ഷക്ക് വിധേയരാക്കരുതെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് ടെഹ്റാന് മുന്നറിയിപ്പ് നൽകി. എന്നാൽ പ്രതിഷേധങ്ങളിൽ ഇടപെട്ടാൽ അമേരിക്കൻ താവളങ്ങൾ ആക്രമിക്കുമെന്നാണ് ഇറാന്റെ മറുപടി. അതേസമയം ഇറാന് പിന്തുണ അറിയിച്ച് ചൈന രംഗത്തെത്തിയിട്ടുണ്ട്.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

*********************************

## I-PAC ED Raid

ഐ-പാക് മേധാവി പ്രതീക് ജെയിനിന്റെ ഓഫീസുകളിലും വസതിയിലും നടത്തിയ റെയ്ഡിൽ E D പിടിച്ചെടുത്ത രഹസ്യ ഡാറ്റ സൂക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് തൃണമൂൽ കോൺഗ്രസ് സമർപ്പിച്ച ഹർജി കൽക്കട്ട ഹൈക്കോടതി തള്ളി. ഐ-പാക്കിൽ നിന്ന് രേഖകളോ ഡാറ്റയോ പിടിച്ചെടുത്തിട്ടില്ലെന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കോടതിയെ അറിയിച്ചു. ഇഡിയുടെ വാദം അംഗീകരിച്ച ജസ്റ്റിസ് ശുഭ്ര ഘോഷ് ഹർജി തള്ളുകയായിരുന്നു. സിബിഐ അന്വേഷണം ആവശ്യപ്പെട്ട് ഇഡി സുപ്രീം കോടതിയെ സമീപിച്ചതിനാൽ, വിധി വരുന്നതുവരെ നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കാനും ഹൈക്കോടതി ഉത്തരവിട്ടു.

********************************

## 29 MAOISTS SURRENDERED

ഛത്തീസ്ഗഡിലെ സുക്മ ജില്ലയിൽ 29 മാവോവാദികൾ പോലീസിന് മുന്നിൽ കീഴടങ്ങി. സംസ്ഥാന സർക്കാരിന്റെ പുനരധിവാസ നയം പ്രകാരം കീഴടങ്ങിയ മാവോയിസ്റ്റുകൾക്ക് അമ്പതിനായിരം രൂപ വീതം നൽകും.

********************************

## PRADHAN-AI

എഐ ഇംപാക്ട് ഉച്ചകോടിക്ക് അടുത്ത മാസം ഇന്ത്യ ആതിഥേയത്വം വഹിക്കുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ. ഉച്ചകോടി എഐ നവീകരണത്തിലും പ്രയോഗത്തിലും രാജ്യത്തിന്റെ പങ്ക് ശക്തിപ്പെടുത്തുന്നതിനുള്ള വേദിയായി മാറുമെന്നും ശ്രീ പ്രധാൻ വ്യക്തമാക്കി. മദ്രാസ് IIT - യിൽ പൊങ്കൽ ആഘോഷങ്ങളിൽ പങ്കെടുക്കവെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. സ്കൂൾ തലം മുതൽ ഗവേഷണ കാലയളവിലുൾപ്പെടെ രാജ്യത്തെ എല്ലാ വിദ്യാഭ്യാസ

സ്ഥാപനങ്ങളിലും മാതൃഭാഷയ്ക്ക് മുൻഗണന നൽകുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

********************************

## TN - PONGAL (INTRO)

തമിഴ്നാടിന്റെ കൊയ്ത്തുത്സവമായ മകരപൊങ്കൽ ഇന്ന്. തമിഴ് കലണ്ടറിലെ പുതുവത്സരം കൂടിയാണിത്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധമാണ് പൊങ്കൽ ആഘോഷമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. എല്ലാവരുടെയും ജീവിതത്തിൽ ഐശ്വര്യവും സന്തോഷവും കൊണ്ടുവരാൻ പൊങ്കൽ ആഘോഷങ്ങൾ വഴി തെളിക്കട്ടെയെന്നും അദ്ദേഹം ആശംസിച്ചു. ന്യൂഡൽഹിയിൽ കേന്ദ്ര സഹമന്ത്രി എൽ. മുരുഗന്റെ വസതിയിൽ സംഘടിപ്പിച്ച പൊങ്കൽ ആഘോഷങ്ങളിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

********************************

## PONKAL - HOLIDAY

പൊങ്കലിനോടനുബന്ധിച്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് അടക്കം സംസ്ഥാനത്തെ 6 ജില്ലകൾക്ക് അവധി പ്രഖ്യാപിച്ചിട്ടുണ്ട്. തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന ജില്ലകളിലാണ് പ്രാദേശിക അവധി.

********************************

## ARMY DAY (INTRO)

78-ാം കരസേനാ ദിനാഘോഷം ഇന്ന് രാജസ്ഥാനിലെ ജയ്പ്പൂരിൽ നടക്കും. 'നെറ്റ് വർക്കിങ്ങും ഡേറ്റാ സെൻട്രിസിറ്റിയും' എന്നതാണ് ഇത്തവണ സേനാ ദിനാഘോഷത്തിന്റെ പ്രമേയം.

കരസേനാ ദിനത്തോടനുബന്ധിച്ച് രാജ്യത്തിന്റെ വിവിധ ഭാഗങ്ങൾക്കൊപ്പം കേരളത്തിലും നിരവധി പരിപാടികൾ സംഘടിപ്പിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയിസ്)

********************************

## SABARIMALA

മകരവിളക്ക് കാലത്തിനു സമാപനം കുറിച്ച് ശബരിമല ക്ഷേത്രനട ഈ മാസം 20 ന് അടയ്ക്കും. ഇന്നു മുതൽ മകരമാസ പൂജകൾ ആരംഭിക്കും. 19 വരെ മാത്രമേ ഭക്തർക്ക് ദർശനം അനുവദിക്കുകയുള്ളൂ. 20 ന് രാജപ്രതിനിധിക്ക് മാത്രമാണ് ദർശന അനുമതി.

********************************

## MAKARAJYOTHI

ഇത്തവണ ഇടുക്കിയിലെ പുല്ലുമേട്ടിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നടക്കം എത്തിയ 9,217 ഭക്തർ മകരജ്യോതി ദർശനത്തിന് സാക്ഷിയായി. സത്രം വഴി 1,702 പേരും വള്ളക്കടവ് വഴി 3,408 പേരും പാണ്ടിത്താവളം വഴി 4,107 പേരുമെത്തിയതായി അധികൃതർ അറിയിച്ചു.

********************************

## SABARIMALA CASE

ശബരിമല സ്വർണഅപഹരണ കേസിൽ ദേവസ്വം ബോർഡ് മുൻ അംഗം കെ.പി. ശങ്കരദാസിനെ എസ്ഐടി അറസ്റ്റുചെയ്തു. തിരുവനന്തപുരത്തെ ആശുപത്രിയിൽ എത്തിയാണ് ഇന്നലെ

വൈകുന്നേരം എസ്ഐടി ശങ്കരദാസിന്റെ അറസ്റ്റ് രേഖപ്പെടുത്തിയത്. കേസിൽ 11-ാം പ്രതിയാണ് ഇദ്ദേഹം.

********************************

## LAKSHADEEPAM

ഭക്തർക്ക് ദർശന സായുജ്യം നൽകി തിരുവനന്തപുരം ശ്രീപദ്മാനാഭ സ്വാമി ക്ഷേത്രത്തിലെ മുറജപത്തിന് മകരശീവേലിയോടെസമാപനം. പതിനായിരക്കണക്കിന് ശ്രീപദ്മനാഭ ഭക്തരാണ് ലക്ഷ ദീപ പ്രഭയിലായ ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിൽ ഇന്നലെ രാത്രി 8.30 മണിയോടെ നടന്ന മകര ശീവേലി കണ്ട് വന്ദിക്കുന്നതിനായി എത്തിയത്. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, രാജകുടുംബാംഗങ്ങളായ പൂയംതിരുനാൾ ഗൗരി പാർവതിബായി, അശ്വതിതിരുനാൾ ഗൗരി ലക്ഷ്മിബായി തുടങ്ങിയവർ പങ്കെടുത്തു.

********************************

## BADMINTON

ഇന്ത്യ ഓപ്പൺ ബാഡ്മിന്റൻ പുരുഷ സിംഗിൾസിൽ കിഡംബി ശ്രീകാന്ത് പ്രീ ക്വാർട്ടറിൽ പ്രവേശിച്ചു. ഇന്ത്യയുടെ തന്നെ തരുൺ മന്നെപ്പള്ളിയെയാണ് ശ്രീകാന്ത് പരാജയപ്പെടുത്തിയത്. ആദ്യ റൗണ്ടിൽ ഇന്ത്യയുടെ എച്ച്എസ് പ്രണോയ് ഹോങ്കോങ് താരത്തെ പരാജയപ്പെടുത്തി. അതെസമയം വനിതാ സിംഗിൾസിൽ, മുൻ ലോക ചാമ്പ്യൻ പിവി സിന്ധു വിയറ്റ്നാം താരത്തോട് പരാജയപ്പെട്ടു.

********************************

## KERALA ASSEMBLY

പതിനഞ്ചാം കേരള നിയമ സഭയുടെ 16-ാം സമ്മേളനം ഈ മാസം 20 ന് ആരംഭിക്കുമെന്ന് സ്പീക്കർ എ എൻ ഷംസീർ.

ഗവർണറുടെ നയ പ്രഖ്യാപന പ്രസംഗത്തോടെയാണ് സഭാ സമ്മേളനം ആരംഭിക്കുക. ഈ മാസം 29ന് ധനമന്ത്രി കെ എൻ ബാലഗോപാൽ സംസ്ഥാന ബജറ്റ് അവതരിപ്പിക്കും. മാർച്ച് 26 വരെ 32 ദിവസമാണ് സഭ സമ്മേളിക്കുക. ഫെബ്രുവരി 6 മുതൽ 22 വരെയുള്ള കാലയളവിൽ സഭ ചേരുന്നതല്ല.

*

***************

**************************************************